പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1578

04-12-2018-ലെ മറുപടിയ്ക്ക്

**കാർഷിക അഭിവൃദ്ധിക്കായി നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | പ്രകൃതിയെ മുറിവേൽപ്പിക്കാതെയുള്ള കാർഷികവൃത്തി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | **(എ)** | പ്രകൃതിയെ മുറിവേൽപ്പിക്കാതെയുള്ള കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സീറോ ബജറ്റ് നാച്ചുറൽ ഫാമിംഗ് എന്ന കൃഷിരീതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.ഈ കൃഷി രീതിയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് കർഷകർക്കും കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നല്കുന്നതിനുമായി ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. |
| **(ബി)** | വിഷരഹിതവും ഗുണമേന്മയുള്ളതുമായ പഴങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | **(ബി)** | ജൈവകൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന വിഷരഹിതവും ഗുണമേന്മയുള്ളതുമായ പഴങ്ങളും പച്ചക്കറികളും പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ജൈവകർഷകരുടെ 214 ക്ലസ്റ്ററുകളുടെ ആഭിമുഖ്യത്തിൽ ഇക്കോഷോപ്പുകൾ നടത്തിവരുന്നു.കൂടാതെ ഉത്തമ കാർഷിക മുറകൾ അനുവർത്തിച്ച് ഉത്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും 'safe to eat Kerala Organic' എന്ന ബ്രാൻഡ് നാമത്തിൽ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഓണം, വിഷു എന്നീ ഉത്സവസീസണുകളിൽ പൊതു വിപണിയിലെ വിലയേക്കാൾ 10 ശതമാനം കൂട്ടി ഓണസമൃദ്ധി വിഷുക്കണി മാർക്കറ്റുകളിലേക്ക് കർഷകരിൽ നിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്നവിധം VFPCK, ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനമുണ്ട്. ഇപ്രകാരം ഓണം ബക്രീദ് വിപണികൾ മുഖേന പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് വിൽപ്പന നടത്തുന്ന സംവിധാനം 1423 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിലൂടെയും നടപ്പിലാക്കുകയുണ്ടായി. VFPCK 150 എണ്ണവും ഹോർട്ടികോർപ്പ് 430 വിപണികളും ഈ ഓണക്കാലത്ത് പ്രവർത്തിപ്പിക്കുകയുണ്ടായി.<br>'സേഫ് ടു ഈറ്റ്' എന്ന പദ്ധതിപ്രകാരം |

| | | | |
|---|---|---|---|
| | | | മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴവർഗങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ സാന്നിധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണർ, കാർഷിക സർവകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുകയും തമിഴ്നാട് കാർഷിക സർവകലാശാല, കൃഷിവകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം പച്ചക്കറികൾ എന്നിവ സാമ്പിളെടുത്ത് കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ പരിശോധിക്കുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**